പതിനഞ്ചാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
11-07-2024

നിയമനിർമ്മാണം

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

2023-ലെ കേരള പൊതുരേഖ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം അപര്യാപ്തമാണെന്നും ബില്ലിന്റെ ഉള്ളടക്കത്തിൽ ഭരണഘടനാ വിരുദ്ധമായ വ്യവസ്ഥകൾ കടന്നുകൂടിയിട്ടുണ്ടെന്നും 2024 ജൂലൈ 11-ാംാം തീയതിയിലെ നിയമസഭാ നടപടിക്രമങ്ങളിലെ നിയമനിർമ്മാണകാര്യത്തിനിടയിൽ 2023-ലെ പൊതുരേഖാ ബില്ലിന്റെ അവതരണത്തിനുശേഷം പ്രതിപക്ഷനേതാവും ഒരു പ്രതിപക്ഷാംഗവും തടസ്സവാദങ്ങൾ ഉന്നയിക്കുകയും ഇതുസംബന്ധിച്ച് റൂളിംഗ് നൽകണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി.

ഒരു കുറ്റമായി ആരോപിക്കപ്പെടുന്ന കൃത്യം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന ഒരു നിയമത്തിന്റെ ലംഘനത്തിലൊഴികെ ഏതൊരാളുടെമേലും ഏതെങ്കിലും കുറ്റം സ്ഥാപിക്കുകയോ ആ കുറ്റം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന നിയമപ്രകാരം ചുമത്താമായിരുന്നതിൽ കൂടുതലായ ശിക്ഷയ്ക്ക് അയാളെ വിധേയനാക്കുകയോ ചെയ്യാൻ പാടുള്ളതല്ല എന്ന് ഭരണഘടനയുടെ അനുച്ഛേദം 20(1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിന്റെ ഖണ്ഡം 1 (2)പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽക്കുമാത്രമേ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടാകുകയുള്ളൂ. അതിനാൽ തടസ്സവാദത്തിൽ ഉന്നയിച്ചപ്രകാരം ബിൽ നിലവിൽ വരുന്നതിനുമുമ്പ് ചെയ്ത കാര്യങ്ങൾക്ക് ബില്ലിലെ പീനൽ പ്രൊവിഷൻ ബാധകമാകുന്നില്ല. ബില്ലിലെ 11-ാംാം ഖണ്ഡത്തിൽ വ്യവസ്ഥ

ചെയ്തിരിക്കുന്നതുപ്രകാരം ചരിത്രപരമായോ ദേശീയപരമായോ പ്രാധാന്യമുള്ള ഏതൊരു രേഖയും ഉപഹാരമായോ വിലയ്ക്ക് വാങ്ങിയോ മറ്റുവിധത്തിലോ സ്വകാര്യ സ്രോതസ്സിൽ നിന്നും സംസ്ഥാന പുരാരേഖ വകുപ്പിന് സ്വീകരിക്കാവുന്നതാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 1976 ഒക്ടോബർ 11-ാംം തീയതിയിലെ ഉത്തരവുപ്രകാരം ഏതെങ്കിലും പബ്ലിക് ഓഫീസിന്റെയോ പൊതു സംഘടനയുടെയോ വക പൊതുരേഖകൾ, സ്വകാര്യ സ്ഥാപനങ്ങളുടെയോ വ്യക്തികളുടെയോ കൈവശമുള്ള ചരിത്രപ്രാധാന്യമുള്ള രേഖകൾ എന്നിവ പരസ്പരം അംഗീകരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കാൻ ആർക്കൈവ്സ് ഡയറക്ടർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. ആയതിന് സമാനമായ വ്യവസ്ഥയാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ സഞ്ചിതനിധിയിൽനിന്നും ഈ വകയിൽ അധികചെലവുകളുണ്ടാകുന്നതല്ല. സംസ്ഥാന ലിസ്റ്റിലെ 64-ാംം ഉൾക്കുറിപ്പുപ്രകാരം പ്രസ്തുത ലിസ്റ്റിലെ ഏതെങ്കിലും വിഷയത്തിന്മേലുള്ള നിയമലംഘനങ്ങൾ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാനത്തിന് അധികാരമുണ്ട്. എന്നിരുന്നാലും ഈ വിഷയം തുടർചർച്ചയിൽ പരിഗണിക്കാവുന്നതാണ്. കൂടാതെ, ബില്ലിലെ 13-ാംം ഖണ്ഡപ്രകാരം രൂപീകരിക്കുന്ന ആർക്കൈവൽ അഡൈസറി ബോർഡിന് സമാനമായ ഉപദേശക സമിതി നിലവിൽ പുരാരേഖാവകുപ്പിൽ പ്രവർത്തിച്ചുവരുന്നതും സമിതിയിലെ അംഗങ്ങൾക്ക് ആനുകൂല്യം നൽകിവരുന്നതുമാണ്. ആർക്കൈവൽ അഡൈസറി ബോർഡ് നിലവിൽ വരുന്നതോടെ നിലവിലുള്ള ഉപദേശക സമിതി പിരിച്ചുവിടപ്പെടുമെന്നതിനാൽ ബോർഡിലെ അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് സഞ്ചിതനിധിയിൽനിന്നും അധികം ചെലവുണ്ടാകുന്നില്ല. സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ രൂപീകരിച്ച കമ്മീഷനുകൾ, കമ്മിറ്റികൾ എന്നിവയിലെ പൊതുരേഖകളുടെ സംരക്ഷണവും പരിപാലനവും നടത്തിപ്പും നിയന്ത്രണവും

സംബന്ധിച്ച കാര്യങ്ങളാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ബില്ലിന്റെ ഖണ്ഡം 2(f)-ൽ പൊതുരേഖകൾ എന്നത് എന്താണെന്ന് നിർവചിച്ചിട്ടുണ്ട്. പൊതുരേഖകൾ സംരക്ഷിക്കുന്നതിന് ഫലപ്രദമായ ഒരു റെക്കോർഡ് മാനേജ്മെന്റ് സംവിധാനം കൊണ്ടുവരിക എന്നുള്ളതാണ് ഈ ബിൽ കൊണ്ട് ലക്ഷ്യമാക്കുന്നത്. ആയതിനാൽ തടസ്സവാദത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രകാരം ഈ ബില്ലിന്റെ ആവശ്യത്തിലേക്കായി പൊതുരേഖകൾ ഇന്നതാതെക്കെയാണെന്ന് കേരള നിയമസഭയോ സർക്കാരോ പ്രഖ്യാപിക്കേണ്ടതില്ലെന്നും തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്നും രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി വിശദീകരിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+]

"ഉന്നയിക്കപ്പെട്ട തടസ്സവാദങ്ങൾ സംബന്ധിച്ച നിയമപരമായ കാര്യങ്ങൾ രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി വിശദീകരിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുന്നയിച്ച ബില്ലിലെ ഭരണഘടനാവിരുദ്ധമായ വ്യവസ്ഥകളുൾപ്പെടെയുള്ളവ സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പുകളിലൂടെയും വിശദമായ പരിശോധനകളിലൂടെയും പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ധനകാര്യമെമ്മോറാണ്ടം സംബന്ധിച്ച് ബില്ലിലെ വ്യവസ്ഥകൾമൂലം സർക്കാരിന് അധിക സാമ്പത്തിക ചെലവുകളുണ്ടാകുന്നതല്ലെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല."

+.